പതിനായിരത്തോളം വരുന്ന ഇവർക്കു മാത്രമായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നത് പ്രായോഗികമായിരിക്കുകയില്ല.

(17) സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി പ്രമാണിച്ച് ഒരു പെൺകുട്ടി മാത്രമുള്ള കുടുംബത്തിന് ഗ്രാന്റിനായി ലഭിക്കുന്ന അപേക്ഷകൾ

ശ്രീ. വി. ബാലറാം : സർ, ഇന്ത്യയുടെ സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി പ്രമാണിച്ച് ഒരു പെൺകുട്ടി മാത്രമുള്ള കുടുംബത്തിന് 10,000 രൂപ ഗ്രാന്റ് അനുവദിക്കുമെന്ന് ഒരു പ്രഖ്യാപനത്തിന്റെ പേരിൽ നമ്മുടെ സംസ്ഥാനത്തെ കളക്ടറേറ്റുകളിൽ ആയിരക്കണക്കിന് അപേക്ഷകൾ വന്നുകൊണ്ടിരിക്കുകയാണ്. തൃശ്ശൂർ കളക്ടറേറ്റിൽ തന്നെ മൂവായിരം, നാലായിരം അപേക്ഷ വന്നു കൊണ്ടിരിക്കുകയാണ്. സ്വകാര്യ ഏജന്റുമാർ ഈ ഫോം പ്രിന്റ് ചെയ്ത് വിലയ്ക്ക് വിൽക്കുകയാണ്. അതുമാത്രമല്ല ഗ്രാറ്റുവിറ്റി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് മറ്റൊക്കെ ഈ അപേക്ഷയോടൊപ്പം വയ്ക്കണമെന്നാവശ്യപ്പെട്ടു. പാവപ്പെട്ട സ്ത്രീകൾ അതൊക്കെ സംഘടിപ്പിച്ച് ഈ അപേക്ഷ കൊടുത്തുകൊണ്ടിരിക്കുകയാണ്. അതുടനെ ലഭിക്കുമെന്ന പ്രതീക്ഷയിൽ രക്ഷിതാക്കൾ കഴിഞ്ഞുകൂടുകയാണ്. ഈ ഗ്രാറ്റുവിറ്റിയെക്കുറിച്ച് സർക്കാരിന്റെ വിശദീകരണം നൽകാൻ തയ്യാറാകുമോ? അതുപോലെ ഇങ്ങനെ ലഭിക്കുന്ന അപേക്ഷയിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? ഇത് യാഥാർത്ഥ്യമാണോ? ഇത് കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയാണെന്നു പറയുന്നുണ്ട്. കളക്ടറേറ്റിലാണ് ഇത് സ്വീകരിക്കുന്നത്. അതാതു സമയം പൊതുജനങ്ങളെ അറിയിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, സ്വാതന്ത്ര്യ സുവർണ ജൂബിലി പ്രമാണിച്ച് ഒരു പെൺകുട്ടി മാത്രമുള്ള ഒരു കുടുംബത്തിന് പതിനായിരം രൂപ ഗ്രാന്റ് നൽകുന്ന ഒരു പദ്ധതി സാമൂഹ്യക്ഷേമ വകുപ്പു മുഖേന നടത്താൻ ആർക്കും അംഗീകാരം നൽകിയിട്ടില്ല. എന്നാൽ 1997-ലെ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് പ്രധാനമന്ത്രി പ്രഖ്യാപിച്ച 'ബാലികാസമൃദ്ധിയോജന' എന്ന പേരിലുള്ള ഒരു പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽപ്പെട്ടതും 1997 ആഗസ്റ്റു 15-നു ശേഷം ജനിച്ചതുമായ പെൺകുട്ടികളുടെ അമ്മമാർക്ക് പ്രസവാനന്തര സഹായമായി 500 രൂപ ഗ്രാന്റായി നൽകുന്നു. ഒരു കുടുംബത്തിലെ 2 പെൺകുട്ടികളുള്ള കുടുംബത്തിനു മാത്രമേ ഈ ഗ്രാന്റിന് അർഹതയുള്ളു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച തൃശ്ശൂർ ജില്ലയിലും അതുപോലെ ചില ജില്ലകളിലും ചില സ്വകാര്യ ഏജൻസികൾ വഴി പ്രചരിപ്പിക്കപ്പെട്ടിട്ടുള്ള പദ്ധതിയെക്കുറിച്ച് ഗവൺമെന്റ് വിശദമായി അന്വേഷിക്കുന്നതും കുറ്റക്കാരെന്നു കാണുന്നപക്ഷം അവർക്കെതിരായി മേൽനടപടി സ്വീകരിക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly